സ്പെഷ്യൽ ക്യാമ്പിനോടനുബന്ധിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിരുന്നു. എല്ലാ ജില്ലകളിലും ഇപ്രകാരം ക്യാമ്പുകൾ സംഘടിപ്പിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

(ഇ) ഉണ്ട്. ആദ്യപടി എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ വികലാംഗകർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. കാർഡിന് അപേക്ഷിക്കുന്ന എല്ലാ അർഹരായ വികലാംഗർക്കും ഈ വർഷം തന്നെ തിരിച്ചറിയൽ കാർഡ് നൽകണമെന്ന് ലക്ഷ്യമിട്ടിരിക്കുന്നു. ഈ വർഷം 50,000 കാർഡുകൾ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മറ്റ് ജില്ലകളിലെ തിരിച്ചറിയൽ കാർഡ് വിതരണം ഘട്ടം ഘട്ടമായി നടപ്പാക്കുന്നതാണ്.

(എഫ്) ഉണ്ട്. ക്ലാസ് 3, ക്ലാസ് 4 വിഭാഗങ്ങളിലായി 1998-ൽ 474 തസ്തികകളും 1999-ൽ 382 തസ്തികകളും വികലാംഗർക്ക് നിയമനത്തിനായി സംവരണം ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള സെലക്ഷൻ കമ്മിറ്റി നേരിട്ടാണ് ഈ തസ്തികകളിലേക്ക് നിയമനം നടത്തുന്നത് (14-7-1998-ലെ ജി.ഒ.(പി)20/98/പി ആന്റ് എആർഡി ഉത്തരവ് പ്രകാരം) ഈ തസ്തികകളിൽ എത്രയും വേഗം നിയമനം നടത്തണമെന്ന് ജില്ലാ കളക്ടർമാർക്കും ഒഴിവുകൾ എത്രയും വേഗം ജില്ലാ കളക്ടർമാരെ അറിയിക്കണമെന്ന് വകുപ്പുതലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) വികലാംഗർക്ക് പേര് രജിസ്റ്റർ ചെയ്യുന്നത് സുഗമമാക്കാൻ വേണ്ടി സഞ്ചരിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കണമെന്ന ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

43 (567) വനിതാ കമ്മീഷന്റെ റിപ്പോർട്ടുകൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷൻ നാളിതുവരെ എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; അവയിൽ ഏതെല്ലാം റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകൾ അല്ലെങ്കിൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളിലെ അപര്യാപ്തതമൂലം സ്ത്രീകളനുഭവിക്കുന്ന ദുരിതങ്ങൾ പരിഹരിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിരുന്നോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) വിവാഹ മോചിതരായ സ്ത്രീകൾക്ക് ജീവനാംശം കൊടുക്കുന്നതിനുള്ള നിയമ വ്യവസ്ഥ ഏർപ്പെടുത്തണമെന്ന് വനിതാ കമ്മീഷന്റെ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നോ; ഉണ്ടെങ്കിൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വിശദമാക്കുമോ;

(ഡി) ബലാൽസംഗം തടയാനുള്ള നിയമ ഭേദഗതി ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 34 ശുപാർശകൾ. മദ്യനിരോധന നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന ശുപാർശ സംബന്ധമായി വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ബസ്സുകളിൽ സ്ത്രീകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന ശുപാർശയിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപികമാർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച നിർദ്ദേശം പരിശോധിച്ച് കെ.ഇ.ആറിന്റെ വ്യവ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥകൾ കർശനമായി പാലിക്കാൻ നിർദ്ദേശങ്ങൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെയും അന്യസംസ്ഥാനങ്ങളിലെയും മത്സ്യ സംസ്കരണ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധമായ ശുപാർശകളിൽ ഒന്നായ തൊഴിലാളികളെ റിക്രൂട്ടു ചെയ്യുന്ന കോൺട്രാക്ടർമാർക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിലേയ്ക്ക് സംസ്ഥാന ലേബർ കമ്മീഷണറെ സ്റ്റേറ്റ് ലൈസൻസിംഗ് ഓഫീസറായി നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിരുന്നു. തിരുവനന്തപുരത്തെ എസ്.എ.റ്റി; തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പേരൂർക്കട ഗവ. ആശുപത്രി, ഫോർട്ട് ആശുപത്രി എന്നിവിടങ്ങളിലെ പ്രശ്ന പരിഹാരത്തിനാണ് ശുപാർശ നൽകിയിരുന്നത്. ഈ നാല് ആശുപത്രികളിലെയും ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ആശുപത്രി സൂപ്രണ്ടുമാരിൽ നിന്നും അഭിപ്രായം ശേഖരിച്ച് അനന്തര നടപടി സ്വീകരിച്ചു വരുന്നു.

(സി) 1973-ലെ ക്രിമിനൽ പ്രൊസീഡ്യുവ കോഡിലെ സെക്ഷൻ 125 മുതൽ 127 വരെ പ്രകാരമുള്ള ജീവനാംശം ഇപ്പോൾ നൽകുന്ന 500 രൂപയിൽ നിന്നും, 1500 രൂപയോ, പുരുഷന്റെ വരുമാനത്തിന്റെ മൂന്നിൽ ഒന്നു ഭാഗമോ ഇതിൽ കൂടിയ തുകയായി ഉയർത്തണം എന്ന ശുപാർശ സമർപ്പിച്ചിരുന്നു. ഇതിനുവേണ്ടി Cr. PC യിലെ ബന്ധപ്പെട്ട വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്.

(ഡി) ഉണ്ട്. നിയമവകുപ്പിൽ ഇതു സംബന്ധിച്ച നടപടി എടുത്തു വരുന്നു.

44 (568) ജുവനൈൽ ഹോമിന്റെ അതിർത്തി

<u>ശ്രീ. എളമരം കരീം</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജുവനൈൽ ഹോമിന്റെ കിഴക്കേ അതിരിലുള്ള കമ്പി വേലി മാറ്റി മതിൽകെട്ടണമെന്ന നാട്ടുകാരുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) നിവേദനത്തിലെ പരാതി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോഴിക്കോട് മേഖലാ അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ലഭിച്ചാലുടൻ നിവേദനത്തിലെ ആവശ്യത്തിൻമേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

45 (569) അംഗൻവാടികൾ ആരംഭിക്കാനുള്ള നടപടികൾ

<u>ശ്രീ. പി. വിശ്വൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി, മൂടാടി എന്നീ പഞ്ചായത്തുകളിലും അംഗൻവാടികൾ ആരംഭിക്കാനുള്ള നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly